ഭൂഗർഭ സർവ്വേ

*6 [95] ശ്രീ. സി. മോയിൻകുട്ടി:

,, യു. സി. രാമൻ:

,, കളത്തിൽ അബ്ദുള്ള:

,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സംസ്ഥാനത്തെ വിവിധ മേഖലകളിൽ ഭൂഗർഭ സർവ്വേ നടത്തി ഏതെങ്കിലും ലോഹ അയിരുകളുടെയോ, പെട്രോളിന്റെയോ ലഭ്യത കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മിനറലുകളുടെ ലഭ്യതയാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രകൃതി നിക്ഷേപങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോ എന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ലോഹ അയിരുകളുടെ ലഭ്യത കണ്ടെത്തിയിട്ടുണ്ട്. പെട്രോളിയത്തിന്റെ ലഭ്യത കണ്ടെത്തിയിട്ടില്ല.

(ബി) താഴെപ്പറയുന്ന മിനറലുകൾ സംസ്ഥാനത്ത് ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്:

(1) ചൈന ക്ലേ
(2) ബോക്സൈറ്റ്
(3) സിലിക്കാ മണൽ (ഗ്ലാസ് സാന്റ്)
(4) ഇരുമ്പ്
(5) ചുണ്ണാമ്പു കക്ക
(6) ചുണ്ണാമ്പു കല്ല്
(7) സ്വർണ്ണം
(8) ഗ്രാഫൈറ്റ്
(9) ചാർട്ട്സ് (വെള്ളാരംപാറ)
(10) ലിഗ്നൈറ്റ്
(11) മാഗ്നസൈറ്റ്
(12) ഷീലൈറ്റ്
(13) അഭ്രം
(14) സ്റ്റിയറ്റയ്റ്റ് (സോപ്പ് സ്റ്റോൺ)
(15) രത്നക്കല്ലുകൾ

(സി) ഖനിജ നിക്ഷേപങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ശ്രമങ്ങൾ വകുപ്പ് ഇപ്പോഴും തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly